ഉണ്ടായിരുന്നതുകൊണ്ട് സബ്മിഷൻസ് ഒന്നും എടുത്തില്ല. ഇന്നലെ സബ്മിഷൻസ് എല്ലാം മാറ്റി വയ്ക്കുകയുണ്ടായി. പക്ഷേ, ഇന്ന് സബ്മിഷൻസ് എടുക്കണമെന്ന് അംഗങ്ങൾ വീണ്ടും വീണ്ടും ആവശ്യപ്പെടുന്ന സാഹചര്യത്തിൽ സബ്മിഷൻസ് എടുക്കാൻ ചെയർ ഉദ്ദേശിക്കുകയാണ്.

V സബ്മിഷൻ

(1) കെ. എ. പി. 4-ാം ബറ്റാലിയനിലേക്കുള്ള കോൺസ്റ്റബിൾ നിയമനം ത്വരിതപ്പെടുത്തൽ

ശ്രീ. എം. വി. ജയരാജൻ: സർ, കെ. എ. പി. 4-ാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തണമെന്നുള്ള ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകൾക്ക് ബാധകമായിട്ടുള്ള റാങ്ക് ലിസ്റ്റാണ് കെ. എ. പി. 4-ാം ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്. 1995-ൽ അപേക്ഷ ക്ഷണിക്കുകയും 1996-ൽ പരീക്ഷ നടത്തുകയും 1997 ജൂലായ് മാസം 7-ാം തീയതി റാങ്ക് ലിസ്റ്റ് നിലവിൽ വരികയും ചെയ്തു. ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഈ ജൂലായ് മാസം 7-ാം തീയതി അവസാനിക്കാൻ പോകുകയാണ്. ഇപ്പോൾ റാങ്ക് ലിസ്റ്റിൽ 1153 പേരുണ്ട്. ഇതുവരെയായിട്ട് നിയമിക്കപ്പെട്ടത് 703 പേരെയാണ്. റാങ്ക് ലിസ്റ്റിൽ ഇപ്പോഴും 389 പേർ ബാക്കിയുണ്ട്. കഴിഞ്ഞ ഡിസംബർ, ജനുവരി, മാർച്ച് മാസങ്ങളിലായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തത് 254 ആണ്. ജൂൺ മാസമാകുമ്പോൾ നിരവധി ഒഴിവുകളുണ്ടാകാൻ ഇടയുണ്ട്. കഴിഞ്ഞ മേയ് മാസം 13-ാം തീയതി സർക്കാരിന്റെ ഉത്തരവ് വഴി എ.ആർ.-ൽ ഉള്ള 100 കണക്കിന് പോലീസുകാരെ ലോക്കൽ പോലീസിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അതുകൊണ്ട് മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉള്ളവരെ കാലാവധിക്ക് മുമ്പായി നിയമനം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിലിൽ നിന്ന് താഴെപ്പറയുന്ന ചില റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. കെ.എ.പി.1-992, കെ.എ.പി.2-884, കെ.എ.പി.3-1154, കെ.എ.പി.4-970, കെ.എ.പി. 5-570, എസ്.എ.പി.- 1331, എം.എസ്.പി.-1157. ആകെ 7056 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 2000 ജനുവരി മുതൽ മേയ് വരെ താഴെ പറയുന്ന ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എ.പി.1-228, കെ.എ.പി.2-440, കെ.എ.പി.3-130, കെ.എ.പി.4-246, കെ.എ.പി.5-204, എം.എസ്.പി.-223.

(സബ്മിഷന് മുഖ്യമന്ത്രി മറുപടി പറയുമ്പോഴും പ്രതിപക്ഷാംഗങ്ങൾ മേശപ്പുറത്ത് ഇടിച്ചും സഭയുടെ നടുത്തളത്തിൽ നിന്ന് മുദ്രാവാക്യം വിളിച്ചും സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. പ്രതിപക്ഷത്തെ ചില അംഗങ്ങൾ വാച്ച് ആന്റ് വാർഡിനെ തള്ളിമാറ്റി സ്പീക്കറുടെ ഡയസ്സിലേക്ക് കയറാൻ ശ്രമിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 11.20-ന് സഭ അൽപസമയത്തേക്ക് നിർത്തിവച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

ഉച്ചയ്ക്ക് ശേഷം, 12.07-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു.

മി. സ്പീക്കർ : ഓർഡർ....ഓർഡർ.... ഇന്നലെയും ഇന്നുമായിട്ട് സഭയിൽ കുറച്ച് പ്രതിഷേധവും കാര്യങ്ങളും ഉണ്ടായത് അറിയാം. ഇന്ന് വളരെ അപ്രതീക്ഷിതമായ ചില സംഭവങ്ങളുണ്ടായി. ഞാൻ അതിലേയ്ക്കൊന്നും കടക്കുകയില്ല. വളരെ വളരെ നിർഭാഗ്യകരമായിപ്പോയിയെന്ന് എനിക്ക് തോന്നുന്നു. നമ്മുടെ സഭ നാം തീരുമാനിച്ച് നാം നടത്തുന്നതാണ്. സ്വാഭാവികമായിട്ടും ഇപ്പോൾ മാത്രമല്ല, എക്കാലവും ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള നടപടികളിൽ വരുന്ന എതിർപ്പും പ്രതിഷേധവും പ്രക്ഷോഭങ്ങളും സഭയ്ക്കുള്ളിൽ പുത്തരിയല്ല. നിയമസഭ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി എല്ലാവരും യോജിച്ചു കൊണ്ടാണ് ഈ സംവിധാനമുണ്ടാക്കിയിട്ടുള്ളത്. അതിൽ പ്രധാനപ്പെട്ട പങ്ക്, ഇപ്പോൾ സ്പീക്കർ അതിന്റെ ചുമതല എടുക്കുന്നുവെങ്കിലും അതിന് എല്ലാ ഒത്താശകളും ചെയ്തു തരേണ്ട വിഭാഗമാണ് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്. അതു പോലെതന്നെ ഈ സഭയ്ക്കും സഭയിലെ ഓരോ അംഗത്തിനും, ഭരണ പക്ഷത്തിനും പ്രതിപക്ഷത്തിനും എല്ലാവർക്കും സംരക്ഷണം നൽകേണ്ട വിഭാഗമാണ് വാച്ച് ആന്റ് വാർഡ് എന്നു പറയുന്നത്. വാച്ച് ആന്റ് വാർഡ് നടത്തുന്ന പ്രവർത്തനം ഒരു സുരക്ഷയുടേതായിട്ട് മാത്രമല്ല, സേവനപരമായ പ്രവർത്തനം കൂടിയാണ്. അതൊന്നും ഇല്ലാതെ നമുക്ക് ഈ സഭ നടത്തിക്കൊണ്ട് പോകാനാവുകയില്ല. വാച്ച് ആന്റ് വാർഡും ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റുമില്ലാതെ സഭ നടത്താൻ സാദ്ധ്യമല്ല. വേണമെങ്കിൽ, ഇതൊന്നുമില്ലാതെ നമുക്ക് മാത്രമായി സഭ നടത്താമെന്ന് തീരുമാനിച്ചാൽ സഭയുടെ അവസ്ഥ എന്താകുമെന്ന് ആർക്കെങ്കിലും പറയാൻ പറ്റുമോ? അതുകൊണ്ട്, അത് നാം തീരുമാനിച്ചത് നമ്മുടെ ആവശ്യത്തിനുവേണ്ടി, നമ്മുടെ സംരക്ഷണത്തിനുവേണ്ടിയുള്ള സംവിധാനമെന്നുള്ള നിലയിലാണ്. അങ്ങനെയാണ് നാം അതിനെ കാണുന്നത്. ഇന്ന് വളരെ അപ്രതീക്ഷിതമായിട്ട് ചില സംഭങ്ങളുണ്ടായി. അതാണ് ഞാൻ പറഞ്ഞത്. അത് വളരെ വളരെ സഹനശക്തിയോടുകൂടി ചെയർ കാണുകയാണ്. വേറൊന്നിനും വേണ്ടി പറയുകയല്ല. ചെയർ ആരുടെയെങ്കിലും പേര് പറയാനോ പരാമർശിക്കാനോ സംഭവങ്ങളിലേക്ക് കടക്കാനോ ഒന്നും ആഗ്രഹിക്കുകയല്ല. പൊതുവിലുള്ള കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. കാരണം, ഇത് ഒന്നരമാസക്കാലം നീണ്ടുനിൽക്കേണ്ട ഒരു സെഷനായതുകൊണ്ട് സൂചിപ്പിക്കാതിരിക്കാൻ നിർവാഹ മില്ലെന്നതുകൊണ്ടും അതിന് ബാദ്ധ്യതയുള്ള ആളെന്നതുകൊണ്ടും ഞാൻ പറയുകയാണ്. നമ്മുടെ സംരക്ഷണത്തിനുവേണ്ടി നിൽക്കുന്ന വാച്ച് ആന്റ് വാർഡുമായിട്ട് നമുക്ക് എതിർപ്പിന്റെ കാര്യമുണ്ടോയെന്ന് എനിക്ക് അറിയുകയില്ല. ഇന്നത്തെ സംഭവങ്ങളിൽ ശാരീരികമായിട്ട് ക്ഷതമേറ്റ നമ്മുടെ വാച്ച് ആന്റ് വാർഡിൽപ്പെട്ട ചിലയാളുകളെ മെഡിക്കൽ എയിഡിന് കൊണ്ടുപോകേണ്ടിവരിക എന്ന പ്രയാസകരമായ സാഹചര്യമുണ്ടായി .....(ബഹളം)....അങ്ങനെയൊരു സാഹചര്യം മെമ്പർമാർ തമ്മിൽ ഉണ്ടാകാൻ പാടില്ല. മെമ്പർമാരും വാച്ച് ആന്റ് വാർഡ്സും തമ്മിലും ഉണ്ടാകാൻ പാടില്ല. ഞാൻ പ്രയാസംകൊണ്ടുമാത്രം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു പോവുകയാണ്. ക്ഷമിക്കുക. ചെയറിനെ സംബന്ധിച്ച് മറ്റൊരു താൽപര്യവുമില്ല. സഭാനടപടികൾ ചട്ടപ്രകാരവും ഈ സഭയിലെ കീഴ് വഴക്കങ്ങളും മാത്രം വച്ചുകൊണ്ട് നടത്തുക എന്നതല്ലാതെ, അതിനപ്പുറം അൽപവും മുന്നോട്ടു കടക്കാൻ ചെയർ ആഗ്രഹിക്കുന്നില്ല. ഇതുവരെ നടന്നതിൽ എന്തെങ്കിലും അപാകത സംഭവിച്ചുവെങ്കിൽ അത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു പുനരാലോചന നടത്താനും ചെയറിന് യാതൊരു വിരോധവുമില്ല. ഭരണഘടനാപരമായ ബാദ്ധ്യത എന്ന നിലയിൽ സർക്കാരിന്റെ ബിസിനസ്സുകൾ നടത്തുകയാണ് ഈ സന്ദർഭത്തിൽ വളരെ യുക്തിപൂർവ്വം ചെയ്യാൻ കഴിയുന്ന ഒരു കാര്യമെന്ന് ചെയർ കരുതുന്നു. അത് മാത്രമേ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. മറ്റ് കാര്യങ്ങളിലേക്കൊന്നും തന്നെ ഈ സമയത്ത് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇന്നത്തെ നടപടിയിൽ ഇനി തുടർന്നു നടത്തേണ്ട സർക്കാരിന്റെ ചില ഒദ്യോഗിക ബിസിനസ്സുകളുണ്ട്. അതു മാത്രം ഇവിടെ പരിഗണനയിൽ വരുന്നതാണ്. പരിഗണനയ്ക്ക് എടുക്കുന്നതാണ്.

VI ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻ മേലുള്ള ചർച്ചയും വോട്ടെപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001				
		27-3-2000-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
II	സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ	33,83,30,000	..	67,66,60,000	..	67,66,60,000

LIBRARY ARCHIVES Kerala Legislative Assembly